കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail:lfadtvm@yahoo.in, dotvm.ksad@kerala.gov.in

**പാറശ്ശാല ബ്ലോക്ക്പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2018-19**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

**നം.കെ.എസ്.എ.റ്റി.വി.എം.ബി.പി.68/2020**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,


തീയതി : **17.02.2020**

Phone No : 0471-2331231
Email : lfadtvm@yahoo.in

**ജോയിന്റ് ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന ),**
**പാറശാല ബ്ലോക്ക്പഞ്ചായത്ത്**

സർ,

വിഷയം : പാറശാല ബ്ലോക്ക്പഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **പാറശാല ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15 (1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1 ) (2) എന്നിവ കാണുക).

**വിശ്വസ്തതയോടെ,**

**ഒപ്പ്**

**ജോയിന്റ് ഡയറക്ടർ**

**<u>പകർപ്പ് :</u>**

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) അസി.ഡെവലപ്പ്മെന്റ്, കമ്മീഷണർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്

4) സ്പെയർ

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.68/2020 തീയതി: 17.02.2020

**തിരുവനന്തപുരം ജില്ലയിലെ പാറശാല ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ പാറശാല ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത മറുപടികളും വിശദീകരണങ്ങളും പരിഗണിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ :** | **ശ്രീ.മുഹമ്മദ് നിസാർ,<br>ജോയിന്റ് ഡയറക്ടർ** |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം :** | **25.11.2019 മുതൽ 30.11.2019 വരെ** |

| | | |
|---|---|---|
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | **:** | **ശ്രീമതി.സിസ്ധുലബീവി.എം. ഓഡിറ്റ് ഓഫീസർ<br>ശ്രീ. അനിൽ കുമാർ ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ജസ്റ്റിൻ രാജ് ടി എസ്.സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.അരുൺ.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. ആര്യാ കൃഷ്ണൻ.എ.ആർ, ഓഡിറ്റർ** |

(ബി) <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.വി ആർ.സലൂജ | 01.04.2018മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി സജിത സത്താർ<br>ശ്രീമതി.അഞ്ജന ജെ ആർ<br>ശ്രീ.ബി സുരേന്ദ്രൻ, ജോയിന്റ് ബി.ഡി.ഒ ( അധിക ചാർജ്)<br>ശ്രീ.കെ.സുരേഷ്കുമാർ (അഡീഷണൽ ചാർജ്ജ്) | 01.04.2018 മുതൽ 29.04.2018വരെ<br>30.04.2018 മുതൽ 16.01.2019 വരെ<br>17.01.2019 മുതൽ 31.01.2019 വരെ<br>01.02.2019 മുതൽ 31.03.2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര്, മേൽവിലാസം | കാലയളവ് |
|---|---|---|
| അസി എക്സി എഞ്ചിനീയർ | ശ്രീ.സാം വൈദ്യനാഥ് | 01.04.2018മുതൽ 31.03.2019 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി ജയറാണി | 01.04.2018 മുതൽ 31.03.2019വരെ |
| ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്റ്റ് ഓഫീസർ | ശ്രീമതി.രമണി റോസ് | 01.04.2018 മുതൽ 31.03.2019വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ.മഹേഷ് | 01.04.2018 മുതൽ 31.03.2019വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ.ബാബു വി.എസ് | 01.04.2018 മുതൽ 31.03.2019വരെ |
| വെറ്ററിനറി സർജൻ | ഡോ.ശിവനേശൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി പൂവാർ | ഡോ.ജവഹർ | 01.04.2018 മുതൽ 31.03.2019വരെ |
| സൂപ്രണ്ട് പാറശ്ശാല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി | ഡോ.ഉണ്ണി കൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ശശികല | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>

| | ഭാഗം 1 | | |
|---|---|---|---|
| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | സാമ്പത്തിക വിശകലനം | 1-3 | |
| 4 | ഫണ്ട് വിനിയോഗം | 1-4 | |
| 5 | പദ്ധതി അവലോകനം | 1-5 | |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 | |
| 7 | ക്ഷേമപദ്ധതികൾ | 1-7 | |
| 8 | ക്യാഷ് പരിശോധന | 1-8 | |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 | |
| 12 | കൺവീനർക്ക് അധിക ആനുകൂല്യം നൽകി | 1-12 | |
| 13 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-13 | |
| 14 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ആയി അധിക തുക ചെലവഴിച്ചു | 1-14 | |
| 15 | ജൂലൈ മാസത്തെ വൈദ്യുതി ചാർജ് രണ്ടുതവണ അടവാക്കി | 1-15 | |
| 16 | സർക്കാർ ഉത്തരവിന് വിരുദ്ധമായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങി | 1-16 | |
| 17 | ഡെപ്പോസിറ്റ് ജോലികൾ- നിബന്ധനകൾ പാലിക്കുന്നില്ല | 1-17 | |
| 18 | തുല്യതാ പഠനം - കൈപ്പറ്റ് രസീത്, അപേക്ഷ വിവരങ്ങൾ ഹാജരാക്കിയില്ല | 1-18 | |
| 19 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല | 1-19 | |
| 20 | സർക്കാർ ഉത്തരവിൽ പരാമർശിക്കാത്ത ഫർണിച്ചറുകൾ ടെൻഡർ ഇല്ലാതെ നേരിട്ട് വാങ്ങി | 1-20 | |
| 21 | മത്സ്യതൊഴിലാളികൾക്ക് വല വാങ്ങി നൽകൽ - മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി തുക നൽകി | 1-21 | |
| 22 | പരമ്പരാഗത തൊഴിൽ ഗ്രൂപ്പ് സംരംഭം- 100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 | |
| 23 | PMAYവിഹിതം ട്രഷറി അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-23 | |
| 24 | EMS വായ്പാ തിരിച്ചടവ് - തിരിച്ചടക്കാൻ അവശേഷിച്ചിരുന്നതിലും അധികം തുക അടവാക്കി | 1-24 | |
| 25 | കരാർ കാലാവധി ദീർഘിപ്പിക്കൽ- പിഴ ഈടാക്കിയില്ല- നഷ്ടം | 1-25 | |
| | | | |

| | | | |
|---|---|---|---|
| 26 | മാലിന്യ സംസ്കരണത്തിന്റെ മഹനീയ മാതൃക | 1-26 | |
| | **ഭാഗം 2** | | |
| | *വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ* | | |
| 27 | കരാർ കാലാവധി ദീർഘിപ്പിക്കൽ – പിഴ ഈടാക്കിയില്ല | 2-1 | |
| | **ഭാഗം 3** | | |
| | *ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ* | | |
| 28 | കൺവീനർക്ക് അധിക ആനുകൂല്യം നൽകി | 3-1 | |
| 29 | ജൂലൈ മാസത്തെ വൈദ്യുതി ചാർജ് രണ്ടുതവണ അടവാക്കി | 3-2 | |
| | ഭാഗം 4 | | |
| | *പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും* | | |
| 30 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 | |
| 31 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 | |
| 32 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 | |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 | |
| 34 | വായ്പ / വായ്പാതിരിച്ചടവ് | 4-5 | |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-6 | |
| 36 | ഓഡിറ്റ് റിക്കവറി | 4-7 | |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 | |
| 38 | ചാർജ്ജ് സർചാർജ്ജ് നടപടികൾ | 4-9 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-10 | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28.3.2018 തീയതിയിലെ 1(1)ാം തീരുമാനപ്രകാരം പാസാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവ് പ്രകാരം ഫങ്ക്ഷൻ - ഫങ്ക്ഷണറി അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കിയില്ല.

1994-ലെ പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 1 എ(6) അനുസരിച്ച് ബജറ്റിൽ വകയിരുത്തിയ തുകയിൽ അധികം ചെലവ് വരുത്താൻ പാടില്ല. എന്നാൽ താഴെപ്പറയുന്ന ഇനങ്ങളിൽ അധികച്ചെലവ്

ഉണ്ടായതായി കാണുന്നു.

| ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| തനത് ഫണ്ട് | 4012000 | 4718052 |
| കിണർ റീചാർജിങ് | 323840 | 855860 |
| ഘടക സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ | 300000 | 450199 |

ബജറ്റിലെ പ്രതീക്ഷിത ചെലവിനെ അധികരിച്ച് തുക ചെലവഴിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 02.05.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 7657204

വരവ് - 94982759

ആകെ - 102639963

ചെലവ് - 90058907

നീക്കിയിരിപ്പ് – 12581056

# 1-4 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് | 0 | 51698539 | 51698539 | 51698539 | |
| എസ്.സി.പി | 0 | 11324816 | 11324816 | 11324816 | |
| റ്റി.എസ്.പി | 0 | 235000 | 235000 | 235000 | |
| മെ. റോഡിതരം | 0 | 5093320 | 5093320 | 5093320 | |
| Indianbank,തനത്* | 2031443 | 250721 | 2282164 | 1777225 | 504939 |
| Tsy TSB a/c-gen.pur.grant | 362231 | 13173406 | 13535637 | 10615103 | 2920534 |
| Indianbank IAY | 285912 | 1755531 | 2041443 | 235750 | 1805693 |

| | | | | | |
|---|---|---|---|---|---|
| IOB(sgsy) | 93804 | 3268 | 97072 | 0 | 97072 |
| Indian Bk-Hariyali | 322331 | 11431 | 333762 | 0 | 333762 |
| CBI (SIGN) | 2287 | 80 | 2367 | 0 | 2367 |
| Tsy.PMAYസംയുക്ത പ്രോജക്ട് | 4559196(***) | 19551737 | 24110933 | 17194245 | 6916688 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 106 | 91500283 | 68 | 68707592 | 17 | 21 | 64 |

# 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

# 1-7 ക്ഷേമപദ്ധതികൾ

ഇല്ല

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2019 ന പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ രാവിലെ 11.30ന നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിൻെറ ആഭ്യന്തര നിയന്ത്രണസംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. രജിസ്ററുകളുടെയും വിവരശേഖരണസംവിധാനങ്ങളുടെയും വിവരങ്ങൾ കാലികമായും കൃത്യതയോടെയും സൂക്ഷിക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നടപടികളും സ്വീകരിക്കേണ്ടതാണ്. മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ഖരമാലിന്യസംസ്കരണ പ്ളാൻറ് മാതൃകാപരമായ പ്രോജക്ടായി ഓഡിറ്റ് വിലയിരുത്തുന്നു. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി തുടർനിർദ്ദേശങ്ങൾ വയ്ക്കുന്നില്ല. പഞ്ചായത്തിന്റെ ആസ്തികൾ വർഷം തോറും പരിശോധിച്ച് ഉറപ്പ

വരുത്തുന്നില്ല. ആസ്തികളുടെ സംരക്ഷണം നടത്തുന്നില്ല. റോഡ് കണക്ടിവിറ്റി മാപ്പ് ഇല്ലാത്തതിനാൽ റോഡുകൾക്ക് അപ്രോച്ച്റോഡ് ഇല്ലാതെ നിർമ്മാണം അവസാനിപ്പിക്കേണ്ടതായി വന്നിട്ടുണ്ട്. വിവിധ ഫണ്ടുകളുടെ വിന്യാസം, ലഭ്യത എന്നിവ കണക്കിലെടുത്തുകൊണ്ട് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ കൂട്ടായ്മ ഉണ്ടാവേണ്ടതാണ്. ബജറ്റിലൂടെ സംസ്ഥാനസർക്കാർ അനുവദിച്ച ഫണ്ടുകൾ പൂർണ്ണമായും ഉപയോഗപ്രദമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. NREGS account (a/c no 762038233), SECC account(A/c no.6000972937), എന്നീ അക്കൗണ്ടുകൾ AFS-ൽ ഉൾപ്പെടുത്തിയിട്ടില്ല. SBT ഹരിയാലി, IOB(SGSY), CBI (SIGN) എന്നീ നിർജ്ജീവ അക്കൗണ്ടുകൾ നാളിതുവരെ close ചെയ്തിട്ടില്ല..EMS വായ്പാ തുക അധികമായി അടച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ ഒരു ഘട്ടത്തിലും വർക്കിംഗ് ഗ്രൂപ്പിൻ്റെയും മോണിട്ടറിംഗ് സമിതിയുടെയും പ്രവർത്തനം ഉണ്ടായിട്ടില്ല. (20.01.2018-ലെ മാർഗ്ഗരേഖ സ.ഉ.(കൈ)നം.11/18/ ത.സ്വ.ഭ.വ, തിരുവനന്തപുരം അനുബന്ധം 4 ൽ സ്ററാൻഡിംഗ്കമ്മിറ്റികളുടെ ചുമതലകൾ കാണുക).

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

-

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.10.2019 | 18-19 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.06.2017 | 2016-17 | ലഭ്യമായില്ല |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

19.08.2019-ലെ നം കെ.എസ്.എ/റ്റി.വി.എം.ബി.പി./1448/19 ലെ കത്ത് പ്രകാരം പുറപ്പെടുവിച്ച സാക്ഷ്യപത്രത്തിൽ 2018-19-ാം വാർഷിക കണക്കിലെ അപാകതകൾ പരാമർശിച്ചിട്ടുണ്ട്.

# 1-12 കൺവീനർക്ക് അധിക ആനുകൂല്യം നൽകി.

സർക്കാർ ഉത്തരവ് (പി) നം.30/2016/ധന. തീയതി 29/02/2016 പ്രകാരം ഗുണഭോക്തൃ സമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% തുക ഓവർഹെഡ് ചാർജ് അനുവദിക്കാമെന്നും എന്നാൽ വർക്ക് ബില്ലുകളിൽ നിന്നും ഈടാക്കുന്ന അനുവദനീയമായ നികുതികൾ ഗുണഭോക്തൃസമിതി തന്നെ വഹിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്.

മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് കൂടെ ഉൾപ്പെട്ട നിരക്കാണ് PRICE software-ൽ വിഭാവനം ചെയ്തിരിക്കുന്നത്. ഈ സമയത്ത് 5% VAT ആണ് നിലവിലുണ്ടായിരുന്നത്. 01.07.2017 മുതൽ VAT-ന് പകരം GST വന്നതിനാൽ 5% VAT ഒടുക്കേണ്ടതില്ല. ആയതിനാൽ VAT നിലവിലില്ലാത്ത സാഹചര്യത്തിൽ 5% തുക കുറവ് ചെയ്ത് ബില്ല് നൽകിയാൽ മതിയാവുന്നതാണെന്നും ഉത്തരവ് നം ഡിബി 9058/17സി.ഇ/ത.സ്വ.ഭ.വ. തീയതി 16.03.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹിച്ച പ്രവൃത്തിയിൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല. (ഖ 3-1 കാണുക).

# 1-13 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

**1.** പ്രോജക്റ്റ് നം- 16/19

അടങ്കൽ തുക – 1831125/-

ചെലവ് തുക – 1831125/-

നിർവ്വഹണം - സി.ഡി.പി.ഒ

ബിൽനം./തീ./- 01/18-19 ,17.19.18

സ്നേഹസ്പർശം എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിനായി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതമായി 1831125/ -രൂപ നൽകിയിട്ടുണ്ട്. ഇതിൽ പാറശ്ശാല ഗ്രാമപഞ്ചായത്തിന് അനുവദിച്ച 413250/- രൂപയിൽ 242250/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമെ ലഭ്യമായിട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.9/19-ന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗിക്കാൻ ബാക്കിയുള്ള 171000/- രൂപ പാറശ്ശാല ഗ്രാമപഞ്ചായത്തിൽ നിന്ന് തിരികെ ലഭ്യമാക്കേണ്ടതാണ്.

**2.** പ്രോജക്റ്റ് നം- 73/19

അടങ്കൽ തുക – 3000000/-

ചെലവ് തുക – 3000000/-

ബിൽനം./തീ./- 01/18-19 ,25.07.18 – 2475000/-

03/18-19 , 15.10.18 - 525000/-

**3.** പ്രോജക്റ്റ് നം- 115/19

അടങ്കൽ തുക – 1000000/-

ചെലവ് തുക – 1000000/-

ബിൽനം./തീ./- 02/18-19 ,15.10.18 – 1000000/-

ക്ഷീരസമൃദ്ധി എന്ന പേരിലുള്ള പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതമായി 4000000/ -രൂപ (3000000+1000000) നൽകിയിട്ടുണ്ട്. ഇതിൽ ചെങ്കൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ച 1060000/- (460000+600000) രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.10/19-ന് ലഭ്യമാക്കിയ മറുപടിയിൽ ചെങ്കൽ പഞ്ചായത്തിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ഉടനെ തന്നെ ലഭ്യമാക്കി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

# 1-14 സർക്കാർ ഉത്തരവിന് വിരുദ്ധമായി അധിക തുക ചെലവഴിച്ചു

സർക്കാർ ഉത്തരവ് (സാധാ) നം.2493/12/ത.സ്വ.ഭ.വ, തീയതി 03.09.2012 പ്രകാരം സ്വന്തമായി വാഹനം ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാഹന വാടകയിനത്തിൽ പരമാവധി 75000/- രൂപ വരെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്. എന്നാൽ 2018-19 വർഷത്തിൽ ബ്ലോക്ക്പഞ്ചായത്തിൽ വാഹന വാടകയിനത്തിൽ തനത് ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ ചെലവഴിച്ചു. ഇപ്രകാരം അധിക തുക ചെലവഴിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

# 1-15 ജൂലൈ മാസത്തെ വൈദ്യുതി ചാർജ് രണ്ടുതവണ അടവാക്കി

മൃഗാശുപത്രിയുടെ വൈദ്യുതിചാർജ് രണ്ടു ചെക്കുകൾ മുഖേന രണ്ടുതവണ 3067/-രൂപ വൈദ്യുതി ചാർജിനായി ചെലവഴിച്ചു. കൂടുതൽ വിവരങ്ങൾ ഖ. 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-16 സർക്കാർ ഉത്തരവിന് വിരുദ്ധമായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങി

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പദ്ധതി നമ്പർ: 23/19

ബിൽ നമ്പർ: 15/18-19, 19/18-19തീയതി: 20.12.2018, 14.01.2019തുക: 439999, 10200

ബ്ലോക്ക് പഞ്ചായത്തിലേക്കും മറ്റ് ഘടക സ്ഥാപനങ്ങളിലേക്കും ആയി കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോകോപ്പി മെഷീൻ എന്നിവ വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ഇതിനായി ടെൻഡർ ക്ഷണിച്ച് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങി. കമ്പ്യൂട്ടർ വാങ്ങലുമായി ബന്ധപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

- സർക്കാർ ഉത്തരവ് (എം.എസ്)24/2017/ITD. 18.11.2017 പ്രകാരം കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോകോപ്പി മെഷീൻ എന്നിവ CPRCS എന്ന വെബ്സൈറ്റ് മുഖേന മാത്രം വാങ്ങേണ്ടതാണ്. എന്നാൽ ഇവിടെ ടെൻഡർ വഴിയാണ് വാങ്ങിയത്.
- വാങ്ങിയ കംപ്യൂട്ടറുകൾ assembled കമ്പ്യൂട്ടറുകളാണ്. ആയതിനാൽ ഓരോ ഭാഗത്തിന്റെയും ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിഞ്ഞില്ല. കമ്പനിയുടെ വാറന്റി കാലയളവ് എത്രയാണെന്ന് വ്യക്തമല്ല. വാങ്ങിയ ബില്ലുകൾ ലഭ്യമല്ലാത്തതിനാൽ കമ്പനിയുടെ വാറണ്ടി ആനുകൂല്യം ലഭ്യമല്ല.
- മേൽപ്പറഞ്ഞ ഉപകരണങ്ങൾ ടെൻഡർ വഴി വാങ്ങിയപ്പോൾ അതോടൊപ്പം 3 യുപിഎസും അതേ സ്ഥാപനത്തിൽ നിന്ന് വാങ്ങി. എന്നാൽ യുപിഎസ് ടെണ്ടറിൽ ഉൾപ്പെടുത്തിയിരുന്നില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക കാലതാമസം ഒഴിവാക്കുന്നതിനാണ ടെൻഡർ നടപടി സ്വീകരിച്ചതെന്നും നടപ്പുസാമ്പത്തികവർഷം വെബ്സൈറ്റ് വഴി സാധനങ്ങൾ വാങ്ങിയിട്ടുണ്ട് എന്നും മറുപടി നൽകി. കൂടാതെ കമ്പ്യൂട്ടറുകളുടെ ഗുണനിലവാരം എക്സ്പെർട്ട് പരിശോധിച്ചിരുന്നു എന്നും യുപിഎസ് അത്യാവശ്യമായിരുന്നതിനാൽ ആണ് വാങ്ങിയതെന്നും മറുപടി നൽകി. എക്സ്പെർട്ട് പരിശോധിച്ചതായി ഉള്ള രേഖകൾ ലഭ്യമല്ല. ജി.എസ്.ടി രജിസ്ട്രേഷൻ സമയ ക്രമത്തിൽ എടുക്കാതെ നികുതി നഷ്ടം വരുത്തിയ നടപടി അംഗീകരിക്കാൻ കഴിയില്ല.

ഇത്തരം സംഗതികളിൾ സർക്കാർ നിർദ്ദേശം കൃത്യമായി പാലിക്കേണ്ടതാണ്.

## 1-17 ഡെപ്പോസിറ്റ് ജോലികൾ - നിബന്ധനകൾ പാലിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പദ്ധതി നമ്പർ : 25/19, 90/18, 130/19, 131/19

ബിൽ നമ്പർ : 3/18-19, 4/18-19, 11/18-19, 22/18-19, 25/18-19, 26/18-19 തീയതി: 25.05.2018, 25.05.2018, 25.10.2018, 11.03.2019, 16.03.2019, 16.03.2019 തുക: 200000, 35000, 690000, 699800, 93000, 81000

വിവിധ ജോലികൾക്കായി കേരള വാട്ടർ അതോറിറ്റി, കേരള ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് ആകെ 1798800/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളുമായി കരാർ വെച്ചിട്ടില്ല. കൂടാതെ പൂർത്തീകരണ സർട്ടിഫിക്കറ്റ്, ഫൈനൽ ബിൽ, പെർഫോമൻസ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. (KSEB – 174000/-, KWA – 1624800/-)

2018 19 വർഷത്തിർ തുക കൈമാറിയിട്ടുണ്ടെങ്കിലും മേൽപ്പറഞ്ഞ ജോലികളുടെ നിലവിലെ അവസ്ഥ വ്യക്തമല്ല. 90 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കാൻ ബാധ്യത ഉണ്ടെങ്കിലും നാളിതുവരെ പൂർത്തിയാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണ് എന്ന മറുപടി ലഭിച്ചു. KSEB, KWA എന്നീ സ്ഥാപനങ്ങളിൽ നിന്ന് പ്രവൃത്തി നടപ്പാക്കിയതിന്റെ വിശദാംശങ്ങളും, പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

## 1-18 തുല്യതാ പഠനം - കൈപ്പറ്റ് രസീത്, അപേക്ഷ വിവരങ്ങൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പദ്ധതി നമ്പർ : 84/2019

ബിൽ നമ്പർ : 38/18-19തീയതി: 27.03.2019തുക: 57900

പത്താതരം, പ്ലസ് വൺ തുല്യതാ പഠനത്തിന് ഫീസ് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. രേഖകൾ പ്രകാരം 25 ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കും ഒരു പത്താംതരം വിദ്യാർത്ഥിയ്ക്കും ഫീസ് അടച്ചതായി പറയുന്നു. എന്നാൽ വിദ്യാർഥികളുടെ അപേക്ഷാ വിവരങ്ങൾ, രജിസ്റ്റർ ചെയ്ത് വിവരങ്ങൾ, കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ 57,900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽപ്പറഞ്ഞ വിവരങ്ങൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-19 ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല

2015-16 സാമ്പത്തിക വർഷം മുതലുള്ള ഇ-ടെണ്ടർ പ്രവൃത്തികളിൽ നിന്നും 501076/- രൂപ ബ്ലോക്ക്പഞ്ചായത്തിന് ലഭിക്കുവാനുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. ഇ-ടെണ്ടർ തുക ജില്ലാ പഞ്ചായത്തിൽ നിന്ന് തിരികെ ലഭിക്കുന്നതിന് വേണ്ട നടപടികൾ ഊർജ്ജിതമാക്കേണ്ടതും ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതുമാണ്.

| വർഷം | e-ടെണ്ടർ തുക |
|---|---|
| 2015-16 | 125700/ |
| 2016-17 | 65440/ |
| 2017-18 | 191552/ |
| 2018-19 | 118384/ |

# 1-20 സർക്കാർ ഉത്തരവിൽ പരാമർശിക്കാത്ത ഫർണിച്ചറുകൾ ടെൻഡർ ഇല്ലാതെ നേരിട്ട് വാങ്ങി

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പദ്ധതി നമ്പർ : 125/19

ബിൽ നമ്പർ : 17/18-19തീയതി: 07.01.2019തുക: 114083

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക മുറി സജ്ജീകരിക്കുന്നതിനായി ഫർണിച്ചറുകൾ വാങ്ങുന്നതിന് ആണ് പദ്ധതി തയ്യാറാക്കിയത്, ആർട്കോയിൽ നിന്നും ടെൻഡർ ഇല്ലാതെ ഫർണീച്ചർ നേരിട്ട് വാങ്ങൽ നടത്തി. സ.ഉ(സാധാ) -4/2018/SPD, തീയതി 02.02.2018 പ്രകാരമുള്ള ഉത്തരവിലെ അനുബന്ധത്തിൽ സൂചിപ്പിച്ചിരിക്കുന്ന സാധനങ്ങൾ ടെൻഡർ ഇല്ലാതെ നേരിട്ട് വാങ്ങാവുന്നതാണ്.

എന്നാൽ ഇവിടെ ടെൻഡർ ഇല്ലാതെ വാങ്ങിയ ഫർണിച്ചറുകൾ സർക്കാർ ഉത്തരവിലെ അനുബന്ധത്തിൽ സൂചിപ്പിച്ചിരിക്കുന്ന പട്ടികയിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ ഫർണിച്ചറുകൾ ആർട്കോ നിശ്ചയിച്ച വിലയിൽ വാങ്ങിയതായി കണക്കാക്കാവുന്നതാണ്. ഇങ്ങനെ ചെയ്തതിലൂടെ ഫർണിച്ചറുകൾ കുറഞ്ഞ വിലയിൽ ലഭിക്കാനുള്ള സാഹചര്യം ഇല്ലാതാക്കി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു, ടെൻഡർ ഇല്ലാതെ ആർട്കോയിൽ നിന്ന് ഫർണീച്ചർ നേരിട്ട് വാങ്ങുകയായിരുന്നു എന്നാണ് മറുപടി നൽകിയത്. ഇത്തരം സംഗതികളിൽ സർക്കാർ നിർദ്ദേശം കൃത്യമായി പാലിക്കേണ്ടതാണ് .

# 1-21 മത്സ്യതൊഴിലാളികൾക്ക് വല വാങ്ങി നൽകൽ - മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പദ്ധതി നമ്പർ: 54/19

ബിൽ നമ്പർ : 14/18-19തീയതി: 21.12.2018 തുക: 900000

ചെക്ക് നമ്പർ : 2341718തീയതി: 16.01.2019 തുക: 900000

മത്സ്യത്തൊഴിലാളികർക്ക് വല വാങ്ങി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. അതനുസരിച്ച് 36 ഗുണഭോക്താക്കൾക്ക് വല നൽകുന്നതിനായി 25,000/- വീതം ഗുണഭോക്തൃ വിഹിതമായും 25,000/- സബ്സിഡി ഇനത്തിലും ചെലവഴിക്കുന്ന രീതിയിലാണ് പദ്ധതി തയ്യാറാക്കിയത്. പദ്ധതി നടപ്പിലാക്കിയപ്പോൾ താഴെ പറയുന്ന അപാകതകൾ ഉണ്ടായി.

- പുതിയ വല വാങ്ങി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയത് എങ്കിലും വല നെയ്യുന്നതിനുള്ള നൂൽ ആണ് വാങ്ങി നൽകിയത്.
- ആകെ 18 ലക്ഷം രൂപക്കാണ് നൂൽ വാങ്ങിയത്. വാങ്ങൽ ടെൻഡർ നടപടികൾ ഇല്ലാതെ മത്സ്യഫെഡ് വ്യാസ സ്റ്റോറിൽ നിന്നും നേരിട്ട് വാങ്ങി.

- ഗുണഭോക്താവ് ലൈസൻസ് ഉള്ള വള്ളത്തിന്റെ ഉടമസ്ഥൻ ആയിരിക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. 36 ഗുണഭോക്താക്കളുടെയും വള്ളത്തിന്റെ ലൈസൻസ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല.

- ഗുണഭോക്താവ് രജിസ്ട്രേഷനുള്ള വള്ളത്തിന്റെ ഉടമസ്ഥൻ ആയിരിക്കേണ്ടതാണ്. എന്നാൽ പല ഗുണഭോക്താക്കളുടെയും വള്ളത്തിന്റെ രജിസ്ട്രേഷൻ അവരുടെ പിതാവിന്റെ പേരിലാണ്.

- മാർഗരേഖ പ്രകാരം 10 മീറ്ററിൽ അധികം ആകാത്ത വള്ളങ്ങളിൽ വല വാങ്ങി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. എന്നാൽ 10.6 മീറ്റർ നീളമുള്ള വള്ളത്തിന്റെ ഉടമസ്ഥനായ ഡൊമിനിക് എന്ന വ്യക്തിക്കും ആനുകൂല്യം നൽകി. ഇപ്രകാരം അർഹതയില്ലാത്ത വ്യക്തിക്ക് ആനുകൂല്യം നൽകിയതിലൂടെ 25,000/- രൂപയുടെ അധികച്ചെലവ് ഉണ്ടായി.

1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ട് പ്രകാരം, മൽസ്യബന്ധനവുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്നില്ല. എന്നാൽ മൽസ്യത്തൊഴിലാളികൾക്ക് വല വാങ്ങി നൽകുന്ന പദ്ധതികൾക്കായി 9,00,000/- രൂപ ചെലവഴിച്ചിരിക്കുന്നു. മേൽ പരാമർശങ്ങൾക്ക് തൃപ്തികരമായ വിശദീകരണം ആവശ്യമാണ്.

## 1-22 പരമ്പരാഗത തൊഴിൽ ഗ്രൂപ്പ് സംരംഭം - 1,00,000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പദ്ധതി നമ്പർ : 78/19

ബിൽ നമ്പർ : 20/18-19 തീയതി: 04.02.2019 തുക: 100000

പട്ടികജാതിക്കാർക്ക് പരമ്പരാഗത തൊഴിൽ ഗ്രൂപ്പ് സംരംഭം എന്ന പദ്ധതിയിൽ ഗ്രൂപ്പ് സംരംഭ ധനസഹായം നൽകുക എന്നതാണ് ഉദ്ദേശം. ഇതനുസരിച്ച് അഞ്ച് വനിതകൾ ഉൾപ്പെട്ട ഗ്രൂപ്പിന് പരമ്പരാഗത തൊഴിലിനായി ഒരു ലക്ഷം രൂപ അനുവദിച്ചു. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

- അസംസ്കൃത വസ്തുക്കൾ വാങ്ങി സ്വയം തൊഴിൽ ചെയ്തു ഉപജീവനം നടത്തുന്ന തൊഴിലാളികൾക്കാണ് ഈ പദ്ധതി തുക ചെലവഴിക്കേണ്ടത്. ഉദാഹരണം - മുള, ഈറ,

വൈക്കോൽ, ചിരട്ട ഉപയോഗിച്ചുള്ള കൈത്തൊഴിലുകൾ. എന്നാൽ ഇവിടെ ഇതിന് വിരുദ്ധമായി കറി പൗഡർ & കാറ്ററിങ് യൂണിറ്റിനാണ് തുക ചെലവഴിച്ചത്.

- വായ്പ ബന്ധിതമായാണ് പദ്ധതി നടപ്പിലാക്കേണ്ടിയിരുന്നത്. എന്നാൽ വായ്പ അനുവദിച്ചത് സംബന്ധിച്ച് രേഖകൾ ഹാജരാക്കിയില്ല.
- പഞ്ചായത്തും ബന്ധപ്പെട്ട ഗ്രൂപ്പും തമ്മിൽ തുക കൈമാറുന്നതും ഉപയോഗിക്കുന്നതും സംബന്ധിച്ച കരാറിൽ ഏർപ്പെട്ടില്ല.
- അസംസ്കൃത വസ്തുക്കൾ വാങ്ങിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിക്കുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-23 PMAYവിഹിതം ട്രഷറി അക്കൗണ്ടിൽ സൂക്ഷിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പദ്ധതി നമ്പർ : 8/18-19

ബിൽ നമ്പർ : 13/18-19തീയതി: 24.11.2018തുക: 5040000/- രൂപ

PMAYഅധിക വിഹിതം നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. എന്നാൽ പദ്ധതി അടങ്കൽ തുക 5040000/- മുഴുവൻ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ഇപ്രകാരം സൂക്ഷിച്ചത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ഭവന നിർമ്മാണ പുരോഗതി അനുസരിച്ചാണ് ഗഡുക്കൾ വിതരണം ചെയ്യുന്നതെന്നും കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ നൽകിയതിന് ശേഷമാണ് ബ്ലോക്ക് വിഹിതം നൽകേണ്ടതെന്നും ആയത് നടപ്പ് സാമ്പത്തിക വർഷം പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ പദ്ധതി തുക ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട് എന്ന് മറുപടി നൽകി. സർക്കാർ സർക്കുലർ (ഇ-147340/EM1/15/LSG, തീയതി 19.03.2015) പ്രകാരം പദ്ധതി തുക പിൻവലിച്ച് ട്രഷറി/ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിക്കാൻ പാടില്ല എന്ന നിർദ്ദേശം ഉണ്ട്. പദ്ധതി ആവശ്യമനുസരിച്ച് വികസന ഫണ്ടിൽനിന്നും പിൻവലിക്കാവുന്നതാണ്. അതിനു പകരം മുൻകൂർ

പിൻവലിച്ച് ട്രഷറി അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനാൽ മറ്റു പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫണ്ട് ഇല്ലാതെ ആകുന്ന സാഹചര്യം ഉണ്ടാകുന്നു. ആയതിനാൽ ഈ നടപടി ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-24 EMS വായ്പാ തിരിച്ചടവ് - വായ്പാ രജിസ്റ്റർ പ്രകാരം, അധിക തുക ഒടുക്കു വരുത്തി.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പദ്ധതി നമ്പർ : 1/19

ബിൽ നമ്പർ : 5/18-19 തീയതി: 08.06.2018 തുക: 2379000/-

EMS വായ്പ്പാ പദ്ധതിയിൽ കുടിശ്ശികയായി നിൽക്കുന്ന തുക തിരിച്ചടക്കാൻ വേണ്ടിയാണ് പദ്ധതി തയ്യാറാക്കിയത്. പദ്ധതിപ്രകാരം ബാങ്കിൽ 2379000/- അടക്കുകയും ചെയ്തു. എന്നാൽ വായ്പ്പ രജിസ്റ്റർ പരിശോധിച്ചതിൽ തിരിച്ചടയ്ക്കാൻ ആയി 5,19,986/-രൂപ മാത്രമാണ് ബാക്കി ഉള്ളത്. ഇപ്രകാരം 18,59,014/- രൂപ അധികമായി ബാങ്കിൽ ഒടുക്കു വരുത്തിയതായി കാണുന്നു. ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭിച്ചതിനു ശേഷം വിശദമായ മറുപടി നൽകുന്നതാണെന്ന് ഓഡിറ്റ് എന്ക്വയറിക്കു മറുപടി ലഭിച്ചു. വ്യക്തമായ മറുപടി നൽകേണ്ടതാണ്. അധിക തുക ഒടുക്കിയിട്ടുണ്ടെങ്കിൽ, തിരികെ ഈടാക്കേണ്ടതും, വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-25 കരാർ കാലാവധി ദീർഘിപ്പിക്കൽ- പിഴ ഈടാക്കിയില്ല-നഷ്ടം- 11,411/- രൂപ

കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 (ജി.ഒ (പി)13/2012) പാർട്ട് 2 പ്രവർത്തന സമ്പ്രദായങ്ങളിലെ സെക്ഷൻ 2112-ൽ കരാറുകാരന്റേതല്ലാത്ത കാരണത്താൽ പൂർത്തീകരണമാവാത്തതിന് ദീർഘീകരണത്തിനായി അസി. എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിനു മുൻപ് അപേക്ഷ നല്കേണ്ടതാണ്. ആയത് ഭരണസമിതിയുടെ അനുമതി വാങ്ങി PAC യുടെ 1% ഫൈൻ വാങ്ങി പൂർത്തീകരണകാലാവധിയുടെ 25%വരെ തീർപ്പാക്കിനല്കാം.തുടർന്നുള്ള കാലയളവിന് 2% ഫൈൻ ഈടാക്കേണ്ടതാണ്. ചില പ്രവൃത്തികളിൽ ഇത്തരം നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ആയതിനാൽ 11411/- രൂപ നഷ്ടം വന്നിട്ടുണ്ട്. (വിശദാംശങ്ങൾ ഖ.2.2-ൽ ഉൾപ്പെടുത്തിയിരിക്കുന്നു).

## 1-26 മാലിന്യ സംസ്കരണത്തിന്റെ മഹനീയ മാതൃക

പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥലപരിശോധനയിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒന്നാണ് പാറശ്ശാല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഖരമാലിന്യ സംസ്കരണം. ഇതിനുവേണ്ടി ബ്ലോക്ക്പഞ്ചായത്ത് വഴി അനുവദിച്ച തുക കൊണ്ട്, താലൂക്ക് ആശുപത്രിയിൽ ഖരമാലിന്യ സംസ്കരണം (നം.106/2018-19) എന്ന പേരിൽ പ്രോജക്ട് രൂപീകരിക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥനായി പാറശ്ശാല ഹെഡ്ക്വാർട്ടേഴ്സ് താലൂക്ക് ആശുപത്രി സൂപ്രണ്ടിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 20,49,280/- രൂപ അടങ്കലുള്ള ഈ പ്രോജക്ടിന് 2018-19-ൽ 15,36,960/- രൂപ ചെലവ് ചെയ്തു. നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രവർത്തന മികവും പ്രതിബദ്ധതയും ഈ പദ്ധതിയെ ഫലപ്രാപ്തിയിലെത്തിക്കുന്നതിൽ നിസ്തുലമായ പങ്ക് വഹിച്ചിട്ടുണ്ട്.

ആശുപത്രി പരിസരത്തെ മാലിന്യങ്ങൾ ശേഖരിച്ച് അവയെ ജൈവമെന്നും അജൈവമെന്നും വേർതിരിച്ചശേഷം ജൈവമാലിന്യങ്ങളെ തുമ്പൂർമൂഴി മാതൃകയിലുള്ള എയ്റോബിക് ബിന്നുകളിൽ സംഭരിച്ച് സംസ്കരിച്ച് ജൈവവളമാക്കി മാറ്റുന്നു. ഈ ജൈവവളം ആശുപത്രി കോമ്പൗണ്ടിലെ ഉദ്യാനസസ്യങ്ങൾക്കും വൃക്ഷങ്ങൾക്കും വളമായി ഉപയോഗിക്കുന്നു. അജൈവമാലിന്യങ്ങൾ ' ബയോപാർക്ക് ' എന്ന സംഭരണ കേന്ദ്രത്തിലെത്തിച്ച് വീണ്ടും തരം തിരിച്ച് പ്ലാസ്റ്റിക് വസ്തുക്കൾ പഞ്ചായത്തിന്റെ MRF-ൽ എത്തിക്കുന്നു. മറ്റ് അജൈവ വസ്തുക്കൾ അതത് ഏജൻസികൾക്കും ബയോമെഡിക്കൽ മാലിന്യങ്ങൾ IMAGE എന്ന സ്ഥാപനത്തിനും കൈമാറുന്നു.

ഇതിനെല്ലാം പുറമെ മലിനജലം ശുദ്ധീകരിക്കുന്നതിനായി സർക്കാരിന്റെ ധനസഹായത്തോടെ NHMനടപ്പിലാക്കുന്ന Sewage Treatment Plant-ന്റെ നിർമ്മാണവും പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഇവയെല്ലാം പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യ സംസ്കരണ രംഗത്ത് പാറശ്ശാല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി നടത്തിയ പ്രവർത്തനങ്ങൾ മറ്റു സ്ഥാപനങ്ങൾക്ക് ഉദാത്ത മാതൃകയാണെന്ന് വിലയിരുത്തുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1 കരാർ കാലാവധി ദീർഘിപ്പിക്കൽ- പിഴ ഈടാക്കിയില്ല.

താഴെ പറയുന്ന പ്രവൃത്തികൾ നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തായാകാതിരുന്നിട്ടും, നിയമാനുസൃത പിഴ കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല.

| പ്രോജക്റ്റിന്റെ പേര് | ചെലവ് ബിൽനം/ തിയതി | എഗ്രീഡ് പിഎസി | കോൺ ട്രാക്ടറുടെ പേര് | വർക്ക് ഓർഡർ തീയതി, കാലാ വധി | പണി പൂർത്തീ കരി ക്കേണ്ട തീയതി | പണി പൂർത്തീ കരിച്ച തീയതി | ഈടാ ക്കേണ്ട പിഴ (പി.എ.സി. യുടെ 1%) |
|---|---|---|---|---|---|---|---|
| എസ്.ഒ.39/19 പൊന്നംകോട്കിഴമ്മകം പട്ടികജാതികോളനി റോഡ് പുനരുദ്ധാരണം | ബിൽനം37/ 2018-19, dtd27.03.19. | 737354/ | ശ്രീ.പി വിജയൻ | 1/10/18<br>3 മാസം | 1/1/19 | 20/03/2019 | 7374/- |
| ശംകരുട്ടി വെൺകുളം ചാണവിള റോഡ് പുനരുദ്ധാരണം. | ബിൽനം-22/18-19 dtd7/1/ 19, | 403675/ | ശ്രീ.പി. വിജയൻ | 28/7/18 | 28/10/18 | 16/12/18 | 4037/- |

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 കൺവീനർക്ക് അധിക ആനുകൂല്യം നൽകി.

സർക്കാർ ഉത്തരവ് (പി) നം.30/2016/ധന. തീയതി 29/02/2016 പ്രകാരം ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% തുക ഓവർഹെഡ് ചാർജ് അനുവദിക്കാമെന്നും എന്നാൽ വർക്ക് ബില്ലുകളിൽ നിന്നും ഈടാക്കുന്ന അനുവദനീയമായ നികുതികൾ ഗുണഭോക്തൃസമിതി തന്നെ വഹിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്.

മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് കൂടെ ഉൾപ്പെട്ട നിരക്കാണ് PRICE software-ൽ വിഭാവനം ചെയ്തിരിക്കുന്നത്. ഈ സമയത്ത് 5% VAT ആണ് നിലവിലുണ്ടായിരുന്നത്.

01.07.2017 മുതൽ VAT-ന പകരം GST നിലവിൽ വന്നതിനാൽ 5% VAT ഒടുക്കേണ്ടതില്ല. VAT നിലവിലില്ലാത്ത സാഹചര്യത്തിൽ 5% തുക കുറവ് ചെയ്ത് ബില്ല് നൽകിയാൽ മതിയാവുന്നതാണെന്നും ഉത്തരവ് നം ഡിബി 9058/17സി.ഇ/ത.സ്വ.ഭ.വ. തീയതി 16.03.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹിച്ച പ്രവൃത്തിയിൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

1. ചൊവ്വരപൊറ്റ 114-ാം നമ്പർ അംഗൻവാടി പുനരുദ്ധാരണം

പദ്ധതി നം. S004/2019

അടങ്കൽ – 6,00,000/- ടെണ്ടർ

ചെലവ് – 5,72,228/-

നിർവ്വഹണം – അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

കൺവീനർ – വസന്ത

ബിൽ നമ്പർ – 3/2018-19, തീയതി 13.08.2018, തുക 3,78,534/-

ബിൽ നമ്പർ – 10/2018-19, തീയതി 12.10.2018, തുക 1,93,694/-

എം.ബുക്ക് നം.680, 685/2017-18

ഈ പ്രവൃത്തിയുടെ ആദ്യ ബില്ലിൽ നിന്നും (3,78,534/-) 5% VAT ഇനത്തിൽ 18,926/- രൂപ കുറവ് ചെയ്തിട്ടില്ലാത്തതിനാൽ 18,926/-രൂപ കൺവീനർക്ക് അധികം നൽകിയിരിക്കുന്നു. പ്രസ്തുത തുക കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ജൂലൈ മാസത്തെ വൈദ്യുതി ചാർജ് രണ്ടുതവണ അടവാക്കി

മൃഗാശുപത്രിയുടെ വൈദ്യുതിചാർജ് ചാർജ് ഇനത്തിൽ 2.8.2018 ലെ 800897 നമ്പർ ബിൽ പ്രകാരം 3067/- രൂപ അടവാക്കാനുണ്ടായിരുന്നു. എന്നാൽ മേൽപ്പറഞ്ഞ രണ്ടു ചെക്കുകൾ പ്രകാരം പിൻവലിച്ച തുകയിൽ നിന്ന് രണ്ടു തവണ 3067/-രൂപ വീതം വൈദ്യുതി ചാർജിനായി ചെലവഴിച്ചു. ആയതിനാൽ അധികമായി ചെലവഴിച്ച 3067/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തുക |
|---|---|
| 231461/13.09.2018 | 7010 |
| 2314274/26.09.2018 | 13006 |

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17.06.2019-18.06.2019 | കെ.എസ്.എ.റ്റി.വി.എം /ജി.പി 2/1105 /19 19.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 213113 | PMAY_ വിഹിതം | 162825358* | |
| ബ്ളോക്ക് വിഹിതം | | 6363000 | PMAY_ വിഹിതം | | |
| ഗ്രാമ പഞ്ചായത്ത് | | 3115621 | PMAY- വിഹിതം- | | |
| | | 1375113 | PMAY_ വിഹിതം | | |

*ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവഹണ | പ്രവർത്തിയുടെ പേര് | നൽകിയ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|

| ഏജൻസി | | തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-ചെമ്മണ്ണുവിള കോളനി | 260000/ | - | 260000 |
| " | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-കൊലക്കുട്ടുകോണം | 210000 | - | 210000 |
| 2017-18 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻഏന്തിക്കാല | 220000 | - | 220000 |
| ,, | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-പുതുവൽ-ഏന്തിക്കോണം | 65000 | | 65000 |
| ,, | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-ഭഗവതിവിള-കുഴിവിള | 110000 | | 110000 |
| ,, | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-ഭഗവതിവിള നടപ്പാത | 60000 | | 60000 |
| **ആകെ** | | **925000** | | **925000** |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

**ഇല്ല**

# 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ് | | 20518315 | 519986<br><br>വായ്പാ രജിസ്റ്റർ പ്രകാരം 31.03.2018-ൽ 519986/- രൂപയാണ് ഒടുക്കാൻ ബാക്കിയുള്ളത്.എന്നാൽ 2379000/- രൂപ 2018-19-ൽ അടവാക്കിയിട്ടുണ്ട്. 1859014/- രൂപയുടെ വ്യത്യാസം പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. | 2379000 | |
| KURDFC | | 5950000 | - | - | 5950000 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

**ഇല്ല**

# 4-7 ഓഡിറ്റ് റിക്കവറി

**ഇല്ല**

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 94982759/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 90058907/- |
| വരവിനങ്ങളിലുള്ള നഷ്ടം | 11411/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21993/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 157900/- |

**പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 11411 | | ശ്രീ.സാം വൈദ്യനാഥ്, അസി.എക്സി എഞ്ചിനീയർ |
| 3-1 | | 18926 | ശ്രീ.സാം വൈദ്യനാഥ്, അസി.എക്സി എഞ്ചിനീയർ |
| 3-2 | | 3067 | ശ്രീമതി.അഞ്ജന ജെ ആർ, സെക്രട്ടറി |
| | **11411/-** | **21993/-** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23<br>1-18 | 100000<br>57900 | കെ.സുരേഷ്കുമാർ<br>(സെക്രട്ടറി -അഡീഷണൽ ചാർജ്ജ്) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി.അഞ്ജന ജെ.ആർ, സെക്രട്ടറി | | ചെറുപുഷ്പവിലാസം, പെരിങ്ങമ്മല, കല്ലിയൂർ പി.ഒ |
| 2 | ശ്രീ.കെ.സുരേഷ്കുമാർ (സെക്രട്ടറി-അഡീഷണൽ ചാർജ്ജ്) | പാറശ്ശാല ഗ്രാമപഞ്ചായത്ത് | ചിന്ത, അയിര, അയിര പി.ഒ |
| 3 | ശ്രീ.സാം വൈദ്യനാഥ്, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | പാറശ്ശാല ഗ്രാമപഞ്ചായത്ത് | ലക്ഷ്മി, MMR/14എ, മുക്കോല, നെട്ടയം പി. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1166/2018 തീയതി 06.06.2018 | 1 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1166/2018 തീയതി 06.06.2018 | 1 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1166/2018 തീയതി 06.06.2018 | 10 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1166/2018 തീയതി 09.06.2017 | 11 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1166/2018 തീയതി 04.06.2018 | 5 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ബി.പി.1/1845/2018 തീയതി 15.10.2018 | 10 | |
| | | | |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ബി.പി.1/1845/2018 തീയതി 15.10.2018 | 10 | |

ഒപ്പ്

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-I ഓഡിറ്റ് സർട്ടിഫിക്കറ്റ്

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ

അവലംബിച്ചും 22-05-2018 ലെ (സാധാ) 1413/2018/ തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **പാറശ്ശാല ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലെടുത്തിട്ടുണ്ട്.

**ഒപ്പ്**
**ജോയിന്റ് ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## ന്യൂനതകളുടെ സംഗ്രഹം

**1)** അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം പത്രികകളിൽ മുൻവർഷത്തെയും, തൻവർഷത്തെയും താരതമ്യതുകകൾ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ അപ്രകാരം ഉൾപ്പെടുത്തിയിട്ടില്ല.

**2)** അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സ്റ്റേറ്റ്മെന്റ് പ്രകാരം capital work in progress ഇനത്തിൽ 2296413/രൂപയാണ്. എന്നാൽ AFS പ്രകാരം1001007/ രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

**3)** NREGS-ൻെറ വരവ് ചെലവ് വിവരങ്ങൾ AFSൽ ഉൾപ്പെടുത്തിയിട്ടില്ല.

**4)** ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം EMD ഇനത്തിൽ 20000/രൂപ വരവും ചെലവുമുണ്ട്. എന്നാൽ ഇത് AFS ൽ ഉൾപ്പെടുത്തിയിട്ടില്ല.

**5)** 01/4/2019 ൽ ടെലിഫോൺ, വൈദ്യുത ചാർജ് എന്നിവ ഒടുക്കു വരുത്തിയിട്ടുണ്ട്. എന്നാൽ 2018-19 സാമ്പത്തികവർഷത്തിൽ ഈയിനങ്ങൾക്ക് പ്രോവിഷൻ നൽകിയിട്ടില്ല.

**6)** 2017-18 AFS ബി5 ഷെഡ്യൂൾ പ്രകാരം EMS വായ്പായിനത്തിൽ 3865315/- രൂപ ഒടുക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ലോൺ രജിസ്റ്റർ പ്രകാരം 519986/- രൂപയാണ് അടയ്ക്കാൻ ബാക്കിയുണ്ടായിരുന്നത്. 18-19 വർഷം EMS വായ്പാ തിരിച്ചടവായി 2379000/- രൂപ ഒടുക്കുവരുത്തിയിരുന്നു. ആയതിനാൽ അധികമായി 1859014/- രൂപ (2379000-519986) അടച്ചിട്ടുണ്ട്. 18-19 AFS ബി5 ഷെഡ്യൂൾ പ്രകാരം 1486315/- രൂപ അടയ്ക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

7) ആസ്തി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.

**ഒപ്പ്**

**ജോയിന്റ് ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**